(ഡി) പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടി സ്വീകരിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

പിടിച്ചെടുത്തതും ഉപേക്ഷിച്ചനിലയിൽ കണ്ടെടുത്തതുമായ വാഹനങ്ങൾ

5 (*305) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ചനിലയിൽ കണ്ടെടുത്തും ഉപയോഗ്യമല്ലാതായിത്തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ ലേലം ചെയ്യാൻ മെറ്റൽ സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം ;

(സി) എക്സൈസ്, വനം തുടങ്ങിയ വകുപ്പുകൾ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളെ പ്രസ്തുത സംവിധാനംവഴി ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉപയോഗക്ഷമമല്ലാത്തതും വിവിധ കേസുകളിലായി പോലീസ് വകുപ്പിന്റെ അധീനതയിലുള്ളതുമായ വാഹനങ്ങളും വാഹനഭാഗങ്ങളും e-Auction മുഖേന ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടാൻ മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷന്റെ സേവനം 3 വർഷത്തേക്ക് ഉപയുക്തമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉപയോഗശൂന്യമായ വാഹനങ്ങളുടെ Recycling-ഉം e-Auction-നുമായി ബന്ധപ്പെട്ട് മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷനുമായിചേർന്ന് നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടിന്റെ നോഡൽ ഓഫീസറായി ചീഫ് സെക്രട്ടറിയുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായ ഡോ. കെ. വാസുകി, ഐ.എ.എസ്.-നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ചനിലയിൽ കണ്ടെടുത്തതും ഉപയോഗയോഗ്യമല്ലാതായി തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ കേരളത്തിൽ ഇതുവരെ മൂന്ന് ജില്ലകളിൽ ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റി ജില്ലയിൽ തുമ്പ പോലീസ് സ്റ്റേഷൻ പരിധിയിൽ പൗണ്ട്കടവ് ഭാഗത്തും കോട്ടയം ജില്ലയിൽ മേലുകാവ് പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ക്വാർട്ടേഴ്സിനോടനുബന്ധിച്ചുള്ള സ്ഥലത്തും കണ്ണൂർ ജില്ലയിൽ ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ പനയത്താം പറമ്പിലുമാണ് സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ നിലവിലുള്ളത്. മറ്റ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) വനം, എക്സൈസ് വകുപ്പിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ/ സ്ക്രാപ്പ്, ഇ-ഓക്ഷൻ സംവിധാനംവഴി ഡിസ്പോസ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം പ്രസ്തുത വകുപ്പുകളിൽനിന്നും നൽകിയിട്ടുണ്ട്. ഇതിനായി എക്സൈസ് വകുപ്പിൽ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾ, 1996-ൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ഇക്കാര്യം നികുതിവകുപ്പിൽ പരിശോധിച്ചുവരുന്നു.

മറൈൻ ആംബുലൻസ് ബോട്ട്

6 (*306) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് പദ്ധതി ആരംഭിക്കാനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) അത്യാധുനിക മറൈൻ ആംബുലൻസ് ബോട്ട് വാങ്ങുന്നതിന് എത്ര രൂക അനുവദിച്ചു ; എത്ര ബോട്ടുകൾ വാങ്ങി ;

(സി) ഇത്തരം ആംബുലൻസ് ബോട്ടുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly